## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.124 | 31.01.2018-ൽ മറുപടിയ്ക്ക് |
|---|---|
| **അമൃത്,സ്മാർട്ട് സിറ്റി പദ്ധതികൾ** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ.പി.കെ.ശശി<br>ശ്രീ.എം.മുകേഷ്<br>ശ്രീ.ജെയിംസ് മാത്യൂ | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | കേന്ദ്ര സഹായത്തോടെ നടത്തുന്ന നഗരവികസന പദ്ധതിയായ അമൃത്-ന്റെ പുരോഗതി അറിയിക്കുമോ; | (എ) & (ബി) | മൂന്ന് വാർഷിക പദ്ധതികളിലായി (2015-16,2016-17,2017-18) 2358 കോടി രൂപയുടെ 379 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്.ഇതിൽ 355 പ്രോജക്ടുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുകയും ആയത് ഉന്നതാധികാര സമിതി പരിശോധിച്ച് അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ട്.ഈ 355 പ്രോജക്ടുകൾക്കും സർക്കാർ ഭരണാനുമതി നല്കി.ഇതിൽ 8 പദ്ധതികൾ പൂർത്തിയായി.ബാക്കിയുള്ള പ്രോജക്ടുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ അതാത് കോർപ്പറേഷനുകളും മുൻസിപ്പാലിറ്റികളും 15.1.2018-ന് മുമ്പായി സമർപ്പിക്കുന്നതിന് നിർദ്ദേശം നല്കിയിരുന്നു. ഭരണാനുമതി നല്കിയിട്ടുള്ള എല്ലാ പ്രോജക്ടുകൾക്കും സാങ്കേതിക അനുമതി നല്കുന്നതിനായി സമയക്രമം (31.1.2018-ന് മുമ്പ്) നിശ്ചയിച്ച് നല്കിയിട്ടുണ്ട്.സാങ്കേതിക അനുമതി ലഭിച്ച പ്രോജക്ടുകളുടെ ടെണ്ടർ നടപടികൾ 15.3.2018-ന് മുമ്പായി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.<br>ഘടകപദ്ധതികൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ട്.കേന്ദ്രസഹായം നഷ്ടപ്പെടാതിരിക്കാനായി എല്ലാ നടപടികളും സർക്കാർ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | വിവിധ ഘടകപദ്ധതികൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും സമയബന്ധിതമായി ലഭ്യമാകുന്നുണ്ടോ;കേന്ദ്രസഹായം നഷ്ടപ്പെടാതിരിക്കാനായി ത്വരിതഗതിയിൽ അനുമതി ലഭ്യമാക്കുന്നതിനും പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും നിർദ്ദേശം നൽകുമോ; | | |
| (സി) | തിരുവനന്തപുരം,കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് ലഭിച്ച സ്മാർട്ട് | (സി) | ഉണ്ട്. 2016 മാർച്ച് 16 ന് കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് എന്ന പേരിൽ കമ്പനി |

| | | | |
|---|---|---|---|
| | സിറ്റി പദ്ധതിയുടെ നിലവിലെ സ്ഥിതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | | രജിസ്റ്റർ ചെയ്ത് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചാണ് സ്മാർട്ട് സിറ്റി മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിക്കായി ഇതിനോടകം ആകെ 397.72 കോടി രൂപ അനുവദിച്ചിട്ടുണ്ട്.കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ പങ്കാളിയുമായി കെ.എം.ആർ.എൽ-ലിനെ നിയോഗിച്ചിട്ടുണ്ട്.പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടന്റുമായുള്ള കോൺട്രാക്ട് 7/9/2017-ൽ ഒപ്പിട്ടു.പദ്ധതിയിലെ വിവിധ പ്രോജക്ടുകളുടെ വിശദ രൂപരേഖ തയ്യാറാക്കുവാനും ടെണ്ടർ ചെയ്യുവാനുമുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.ഇതിൽ ഏകദേശം 150 കോടി രൂപയുടെ പ്രോജക്ടുകളുടെ ടെണ്ടർ 2018 മാർച്ച് 31,-ന് മുമ്പായി നടത്തുവാനുള്ള നടപടികൾ ത്വരിത ഗതിയിൽ നടക്കുന്നു.<br><br>തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി പ്രാവർത്തികമാക്കാൻ വേണ്ടി സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് എന്ന കമ്പനി 30.08.2017 ൽ രൂപീകരിച്ചു. സ്മാർട്ട് സിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് മാനേജീരിയൽ തസ്തിക ഉൾപ്പെടെയുള്ള ജീവനക്കാരെ നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു പദ്ധതി നിർവഹണത്തിന്റെ ഭാഗമായി പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ഡി) | ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി) | അമൃത് പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനതലത്തിൽ സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റും അമൃത് നഗരങ്ങളായ കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലും, സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റിൽ കരാർ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ 6 എക്സ്പർട്ടുമാരെയും, സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റുകളിൽ 2 വീതം എക്സ്പർട്ടുമാരെയും നിയമിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയം ഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാന തല ടെക്നിക്കൽ കമ്മിറ്റിയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ഹൈ പവേർഡ് സ്ററീയറിംഗ് കമ്മിറ്റിയും പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.അമൃത് പദ്ധതികൾ കേരള വാട്ടർ അതോറിറ്റിയും നഗരസഭകളും സംയുക്തമായി നടപ്പിലാക്കി വരുന്നു.<br><br>കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ഹൈ പവേർഡ് സ്ററീയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന്റെ മേൽനോട്ടത്തിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ഹൈ പവേർഡ് സ്ററീയറിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ